കൊടുക്കുന്നതാണ്. (ഇ) താമസിക്കുന്നതിനു വാടകകൂടാതെ സ്ഥലങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

DRINKING WATER—DISTRIBUTION OF

465. ചൌധരി ജി. എസ്സ്. ധാരാസിഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

കടലോരപ്രദേശങ്ങളിൽ നടത്തുന്ന ശുദ്ധജല വിതരണപദ്ധതി വടക്കോട്ടു നീട്ടണമെന്നു് ആവശ്യപ്പെട്ടിരുന്നതിനു് എന്തു നടപടി എടുത്തു?

റാവുസാഹിബു് കെ. അയ്യപ്പൻ: വൈപ്പീൻകരയിൽനിന്നു ഞാറക്കൽവരേയും അവിടന്നു പള്ളിപ്പുറംവരേയും പൈപ്പുകൾ ഇട്ടു ശുദ്ധജലം വിതരണം ചെയ്യുവാനുള്ള ഒരു പദ്ധതി ഗവൺമെണ്ടു് തയ്യാറാക്കിയിട്ടുണ്ടു്. ഇതിൽ ഞാറക്കൽവരെയുള്ള പണികൾ എസ്റ്റിമേറു പാസ്സാക്കിയിട്ടുമുണ്ടു്.

CORRUPTION OF CERTAIN PERSONS—DETAILS REGARDING

466. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) മീലിട്ടറി വെൽഫെയർ ഡിപ്പാർട്ടുമെണ്ടിൽനിന്നും വെൽഫെയർ വർക്കർ ആയ ഒരു പരമേശ്വരമേനവനേയും സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽനിന്നും പർച്ചെയിസിങ്ങ് ആഫീസറായ മി. എം. ജെ. ഐസക്കിനേയും കൈക്കൂലി കുറ്റത്തിന്നാണോ സപ്ലീസിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളതു്;

(ബി) ഇവർ ഓരോരുത്തരുടേയും പ്രായവും പരീക്ഷായോഗ്യതയും എന്താണു്;

(സി) ഓരോരുത്തക്കും എന്തു ശമ്പളമാണു്;

(ഡി) ഇവർ ഓരോരുത്തരും എത്ര രൂപ്പികവീതം കൈക്കൂലി വാങ്ങി എന്നാണു് ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുള്ളതു്;

(ഇ) ഓരോരുത്തരുടേയും രാജി സ്വീകരിച്ചു് അവരെ ജോലിയിൽനിന്നും ഒഴിവാക്കുകയാണോ അതോ ഡിസ്മിസ് ചെയ്യുകയാണോ ഉണ്ടായിട്ടുള്ളതു്;

(എഫ്) മി. ഐസക്കിന്റെ രാജി സ്വീകരിച്ചും മി. മേനവനെ അല്ലാതെയുമാണു് സപ്ലീസിൽനിന്നും ഒഴിവാക്കിയിട്ടുള്ളതെങ്കിൽ അതിനുള്ള കാരണമെന്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അതേ.

(ബി) മി. പരമേശ്വരമേനോൻ—വയസ്സു് ന. ഫ. പരീക്ഷായോഗ്യത —ഫിഫ്ത്ത് ഫാറംവരെ പഠിച്ചിട്ടുണ്ടു്. മി. ഐസക്ക്—വയസ്സു് ഉദ്ദേശം ന. ഫ. പരീക്ഷായോഗ്യത —ബി. എ., ബി. എൽ.

(സി) ഒന്നുമില്ല.

(ഡി) മി. പരമേശ്വരമേനോൻ ക ഠക. ക ഫണ. മി. ഐസക്ക് ആകെ എത്ര സംഖ്യ വാങ്ങിയെന്നറിയുവാൻ സാധിച്ചിട്ടില്ല.

(ഇ) മി. പരമേശ്വരമേനോനെ സപ്ലീസിൽനിന്നും പിരിച്ചുവിടുകയും മി. ഐസക്കിനെ ഒഴിഞ്ഞുപോകുവാൻ അനുവദിക്കുകയും ചെയ്തു.

(എഫ്) പ്രത്യേക കാരണങ്ങളൊന്നുമില്ല. മി. ഐസക്കിന്റെ പ്രായക്കുറവു്, പരിചയക്കുറവു്, പരീക്ഷായോഗ്യത മുതലായ സംഗതികളെല്ലാം പരിഗണിച്ചു ടി ഉദ്യോഗസ്ഥനെ സപ്ലീസിൽനിന്നും ഒഴിഞ്ഞുപോകുവാൻ അനുവദിച്ചു.

BOATS—OVERLOARDING OF

467. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ബോട്ടുകളിലെ ഓവർലോഡു പരിശോധിക്കുന്നതിനും മറ്റും ഇപ്പോൾ ട്രാഫിക്ക് ഇൻസ്പെക്ടർമാരുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്പോൾ ഈ ചുമതലകൾ നിർവ്വഹിക്കുന്നതു് ആർ?

LIBRARY ARCHIVES Kerala Legislative Assembly